# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass SCRIPTURE READINGS**

8-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

2024
സെപ്തംബർ 29


**ഏലിയാ സ്ലീവ മൂശെ ആറാം ഞായർ**



# സഹനത്തിൻ ഫലം മഹത്വം

ഉത്പ 41:37-45; പ്രഭാ 47:2-3, 8-11; ഹെബ്രാ 1:1-4; യോഹ 12:27-36


ഡോ. സി. ക്രിസ്റ്റോ സി.എച്ച്.എഫ്


ആരാധനക്രമ വത്സരത്തിലെ ഏലിയാ-സ്ലീവാ-മൂശാ കാലത്തിലൂടെയാണ് നാം കടന്നു പോകുന്നത്. സഹനത്തിലൂടെ യേശു മഹത്വത്തിലേയ്ക്ക് കടന്നു വന്നതുപോലെ നാമും നമ്മുടെ ജീവിതസഹനങ്ങളിലൂടെ മഹത്വത്തിലേക്ക് കടന്നുവരണമെന്നാണ് ഈ കാലഘട്ടം നമ്മെ ഓർമ്മപ്പെടുത്തുന്നത്. യോഹന്നാന്റെ സുവിശേഷം 12-ാം അദ്ധ്യായം സഹനത്തെക്കുറിച്ചുള്ള യഥാർത്ഥ ക്രിസ്തു പാഠം നമ്മെ പഠിപ്പിക്കുന്നുണ്ട്.

വിജ്ഞാനകുതുകികളായ ഗ്രീക്കുകാർ പെസഹാ തിരുനാളിൽ, ഈശോയെ അന്വേഷിച്ചുവരികയും ഈശോ സഹനത്തിന്റെ യഥാർത്ഥ പൊരുൾ പഠിപ്പിച്ചു കൊടുക്കുകയും ചെയ്യുന്നതാണ് ഇന്നത്തെ സുവിശേഷത്തിന്റെ പശ്ചാത്തലം.

മനുഷ്യപുത്രൻ

‘മഹത്വപ്പെടാനുള്ള സമയമായിരിക്കുന്നു’ എന്നു പറഞ്ഞുകൊണ്ടാണ് ഗ്രീക്കുകാരുമായുള്ള സംഭാഷണം ഈശോ ആരംഭിക്കുന്നത്. തൊട്ടടുത്ത വരികളിൽ അവിടുന്ന് പറയുന്നു, ‘ഗോതമ്പുമണി നിലത്ത് വീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും, അഴിയുന്നെങ്കിലോ അത് വളരെ ഫലം പുറപ്പെടുവിക്കുന്നു’ ഇവിടെ മഹത്വവും സഹനവും തമ്മിലുള്ള ഇഴപിരിയാത്ത ബന്ധം ഇതൾ വിരിയുകയാണ്. സഹിക്കുന്നവരാണ് മഹത്വത്തിലേക്ക് പ്രവേശിക്കുന്ന തെന്ന് വളരെ വ്യക്തമായി ഈശോ നമ്മെ പഠിപ്പിക്കുന്നു. ഗദ്സെമേൻ തോട്ടത്തിൽ ഈശോ രക്തം വിയർത്തു പ്രാർത്ഥിച്ചു, ‘പിതാവെ, കഴിയുമെങ്കിലീ പാനപാത്രം എന്നിൽ നിന്ന് അകന്നു പോകട്ടെ, എങ്കിലും എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം നിറവേറട്ടെ.’ പിതാവായ ദൈവത്തിന്റെ ഇഷ്ടം ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടി ഈശോ കുരിശെടുക്കണമെന്നതായിരുന്നു. അതിന് ഈശോ തയ്യാറായപ്പോൾ ദൈവം, സ്വർഗ്ഗം തുറന്ന് ഈശോയെ മഹത്യപ്പെടുത്തുകയാണ്.

കഷ്ടപ്പാടുകളും സഹനങ്ങളും ദൈവത്തിലാശ്രയിച്ച് ഏറ്റെടുത്തവരെല്ലാം മഹത്വത്തിലേക്ക് പ്രവേശിക്കപ്പെട്ടിട്ടുണ്ടെന്ന് ഉൽപത്തിയുടെ പുസ്തകം 41-ാം അദ്ധ്യായത്തിൽ പൂർവ്വ യൗസേഫിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. പിതാവായ യാക്കോബ്, തന്റെ 12 മക്കളിൽ കൂടുതൽ സ്നേഹം

ജോസഫിനോട് കാണിക്കുന്നതിൽ അസൂയ തോന്നിയ സഹോദരന്മാർ ജോസഫിനെ മർദ്ദിച്ചു, പൊട്ടക്കിണറ്റിൽ തള്ളിയിട്ടു, അവിടന്ന് പൊക്കി ഈജിപ്തുകാർക്ക് വിറ്റു. ദൈവം ജോസഫിനെ ഉയർത്തി. സ്വപ്നങ്ങൾ വ്യാഖ്യാനിക്കാനുള്ള പ്രത്യേക കഴിവ് ജോസഫി നുണ്ടായിരുന്നു.അങ്ങനെ അവൻ ഫറവോയുടെ കൊട്ടാരത്തിലെത്തി. ജോസഫ് തന്റെ ജീവിതത്തിലനുഭവിച്ച കഷ്ടപ്പാടുകളും ദുരിതങ്ങളും വേദനകളും അവനെ ഈജിപ്തിന്റെ അധിപനാക്കി. ഇന്നിന്റെ സഹനങ്ങൾ നാളെത്തെ മഹത്വത്തിന്റെ കാരണമാകും.

പ്രഭാഷകന്റെ പുസ്തകത്തിൽ ദാവീദിനെ കുറിച്ച് പറയുന്നി ടത്ത്, തന്റെ എല്ലാ പ്രവർത്തികളിലും അവൻ അത്യുന്നതന്റെ മഹത്വം പ്രകീർത്തിച്ച് പരിശുദ്ധനായ ദൈവത്തിന് കൃതജ്ഞതയർപ്പിച്ചുവെന്ന് തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ട്. അവഗണിക്കപ്പെട്ട ജെസ്സെയുടെ ഇളയ പുത്രനെ ഇസ്രായേലിന്റെ രാജാവായി ദൈവം അഭിഷേചിക്കുന്നു. നമ്മുടെ കണ്ണുകളിൽ അവഗണിക്കപ്പെടുന്നു വെന്ന് തോന്നുന്നവർക്കും ദൈവസന്നിദ്ധിയിൽ വിലയുണ്ട്. സാവുൾ ആയിരങ്ങളെ കൊന്നു, ദാവീദ് പതിനായിരങ്ങളേയും എന്ന് ജനങ്ങൾ വിളിച്ചു പറയുന്ന തര ത്തിലേക്ക് ദൈവം ദാവീദിനെ വളർത്തി.

സഹനത്തെ മഹത്വത്തിന്റെയും രക്ഷയുടെയും കാരണമായി നമുക്ക് കാണാൻ കഴിയുമ്പോഴാണ് നമ്മിൽ പ്രകാശം ഉണ്ടെന്ന് പറയുവാൻ കഴിയുന്നത്.

ഹെബ്രായാക്കാർക്ക് എഴുതപ്പെട്ട ലേഖനത്തിൽ, വെളിപാടിന്റെ പൂർണ്ണത ക്രിസ്തുവിലാണെന്ന് കൃത്യമായിട്ടവതരിപ്പിക്കുകയാണ്. ഹെബ്രാ 1:1-4ൽ അവസാന നാളുകളിൽ തന്റെ പുത്രൻ വഴി അവി ടുന്ന് നമ്മോട് സംസാരിച്ചിരിക്കുന്നു. ഹെബ്രായ ലേഖനം സഹനത്തെ ശിക്ഷണമായിട്ടാണ് അവതരിപ്പി ക്കുന്നത്. ഹെബ്രാ 12:6 -11, ൽ 'താൻ സ്നേഹിക്കുന്നവന് കർത്താവ് ശിക്ഷണം നൽകുന്നു, മക്കളായി സ്വീ കരിക്കുന്നവരെ പ്രഹരിക്കുകയും ചെയ്യുന്നു. ശിക്ഷണത്തിനു വേണ്ടി യാണ് നിങ്ങൾ സഹിക്കേണ്ടത്. മക്കളോടെന്നപ്പോലെ ദൈവം നിങ്ങ ളോട് പെരുമാറുന്നു. പിതാവിന്റെ ശിക്ഷണം ലഭിക്കാത്ത ഏത് മകനാ ണുള്ളത്. എല്ലാവർക്കും ലഭിക്കുന്ന ശിക്ഷണം നിങ്ങൾക്കും ലഭിക്കാ തിരുന്നാൽ നിങ്ങൾ മക്കളല്ല, ജാരസന്താനങ്ങളാണ്.' സഹനത്തിലൂടെ നമ്മൾ ദൈവമക്കളുടെ സ്ഥാനത്തേക്ക് ഉയരുകയാണ്. വേദനകളും കഷ്ടപ്പാടുകളും നമ്മുടെ അവകാശമാണ് കാരണം നമ്മളോരോരു ത്തരും ദൈവത്തിന്റെ മക്കളാണ്.

ഒരിക്കൽ ഒരു കൂട്ടം സന്യാസികൾ വലിയ കുരിശുകൾ താങ്ങി, ഒരു കുരിശുയാത്ര നടത്തുകയാണ്. സ്വാഭാവികമായും വലിയ കുരി ശുകൾ ചുമക്കുന്നതു കൊണ്ട് ദാഹവും, ക്ഷീണവും പരവേശവു മൊക്കെ അവർക്കുണ്ട്. കുറച്ചു ദൂരം പിന്നിട്ടപ്പോൾ കൂട്ടത്തിലെ യുവ സന്യാസി ഇങ്ങനെ ചിന്തിച്ചു, "എന്തിനാണ് ഇത്രയും വലിയ, നീളവും ഘനവുമുള്ള കുരിശ് ഞാൻ ചുമക്കേണ്ടത്? ആകൃതിയിൽ കുരിശായി രുന്നാൽ പോരെ?" ഈ ചിന്തയുടെ വെളിച്ചത്തിൽ, ആ യുവസന്യാസി തന്റെ കുരിശിന്റെ നീളവും വീതിയും ഘനവും കുറച്ചു. ആകൃതിയിൽ കുരിശു തന്നെ. യുവസന്യാസിക്ക് വലിയ സന്തോഷമായി. മറ്റുള്ളവരെ നോക്കി തെല്ല് അഹങ്കാരത്തോടെ അവൻ യാത്ര തുടർന്നു. കുറച്ചു ദൂരം പിന്നിട്ടപ്പോൾ അവർക്ക് മുന്നിലതാ വലിയൊരു ഗർത്തം രൂപപ്പെട്ടി രിക്കുന്നു. മറ്റുള്ള എല്ലാവരും തങ്ങളുടെ വലിയ കുരിശുകൾ ഈ ഗർത്തത്തിനു മീതെ വച്ച് അതിലൂടെ നടന്ന് മറുകരയിലെത്തി. എന്നാൽ കുരിശിന്റെ നീളവും വീതിയും ഘനവും കുറച്ച ആ യുവ സന്യാസി യാകട്ടെ, തന്റെ കുരിശ് ഗർത്തത്തിന് മീതെ നീട്ടിയപ്പോൾ തന്നെ ആ കുരിശ് കൈയിൽ നിന്നും വഴുതി ഗർത്തത്തിലേക്ക് വീണു. ആ യുവ സന്യാസി, സങ്കടത്തോടെ തന്റെ കുരിശുയാത്ര അവിടെ വച്ച് അവ സാനിപ്പിച്ചു.

ചിലർ ദൈവസന്നിധിയിൽ പരാതിപ്പെടാറുണ്ട്, ദൈവമെ, എന്തിനാണ് എനിക്ക് ഇത്രയും വലിയ ഭാരമുള്ള കുരിശു നൽകിയി രിക്കുന്നത്? അതിനുള്ള ഉത്തരമാണീ കഥ. നമുക്ക് രക്ഷയുടെ, മഹ ത്വത്തിന്റെ മറുകര താണ്ടണമെങ്കിൽ, നീളമുള്ള, വീതിയുള്ള, ഘന മുള്ള ജീവിതകുരിശുകളിലൂടെ മാത്രമെ സാധിക്കൂവെന്ന് ദൈവത്തിന് നന്നായി അറിയാം. ജീവിത കുരിശുകൾ മഹത്വത്തിന് കാരണമാ കുന്നത് അവിടെയാണ്.

കർത്താവിന്റെ പീഡാസഹനങ്ങളെ കുരിശനുഭവങ്ങളെ അപ്പാടെ ജീവിതത്തിൽ പകർത്തിയ മഹാ വിശുദ്ധയാണ് വി. മറിയം ത്രേസ്യ. പഞ്ചക്ഷതധാരിയാണ്. ഭാരമേറിയ കുരിശ് താങ്ങി അവശ നായി വരുന്ന കർത്താവിനെ ദർശനത്തിൽ കണ്ട മറിയം ത്രേസ്യ പറഞ്ഞു, 'മതി കർത്താവെ, ഈ കാഴ്ച എന്നെ വല്ലാതെ സങ്കടപ്പെടുത്തുന്നു. ഇനി അങ്ങയുടെ കുരിശ് ഞാൻ ചുമക്കാം' കർത്താവിനോടുള്ള സ്നേഹം കൊണ്ട്, മറിയം ത്രേസ്യ, ദൈവസന്നിധിയിൽ നിന്നും സഹ നങ്ങൾ ചോദിച്ചു വാങ്ങി പഞ്ചക്ഷത ധാരിയായി.

സഹനങ്ങളെ തീണ്ടാപ്പാടകലെ നിർത്തുവാൻ ആഗ്രഹിക്കുന്ന ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. ഈ കാലഘട്ടത്ത് വിശുദ്ധ മറിയം ത്രേസ്യ നമുക്ക് നൽകുന്ന മാതൃക, വെല്ലുവിളി നമുക്ക് സ്വീകരിക്കാം. കഷ്ടപ്പാടുകളെ നമ്മൾ അകറ്റി നിർത്തുമ്പോൾ നമ്മൾ ശാരീരികമായും, ആത്മീയമായും കൂടുതൽ കൂടുതൽ രോഗികളും നന്മക്കുറവുള്ളവരുമായി മാറുകയാണ്. അതുകൊണ്ട് സഹനങ്ങളെ ധീരമായി ഏറ്റെടുത്തുകൊണ്ട് കൂടുതൽ നന്മകളുള്ളവരായി നമുക്ക് മാറാം.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com